# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1174 05.03.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യവിപണന മേഖല</u>**

| <u>ചോദ്യം</u><br>ശ്രീ.എം.ഉമ്മർ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യവിപണന മേഖലയെ കാര്യക്ഷമമാക്കുന്നതിനും തൊഴിലാളികൾക്ക് അർഹമായ ന്യായവില ഉറപ്പാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | എ) മത്സ്യവിപണന മേഖലയെ കാര്യക്ഷമമാക്കുന്നതിന് മത്സ്യമാർക്കറ്റുകളുടെ ആധുനികവത്ക്കരണം. മത്സ്യബന്ധന യാനങ്ങളിൽ ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതിയും ഇൻസുലേറ്റഡ് ബോക്സുകൾ ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ, ഓട്ടോറിക്ഷകൾ, ട്രക്കുകൾ മുതലായവ ലഭ്യമാക്കുന്ന പദ്ധതിയും ലാന്റിംഗ് സെന്ററുകളിലും, മാർക്കറ്റുകളിലും ചിൽ റൂം സംവിധാനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.<br><br>മത്സ്യത്തൊഴിലാളികൾക്ക് അർഹമായ ന്യായവില ലഭ്യമാക്കുന്നതിനായി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും അവയിലൂടെ തീരദേശ ലേലം നടത്തുന്നതിനും ലക്ഷ്യമിടുന്നു. മത്സ്യവിപണനത്തിൽ ഇടപെടുക എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 31 ഫിഷ് മാർട്ടുകളും 1 മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചു വരുന്നു. തീരദേശങ്ങളിൽ നിന്നും മത്സ്യം സംഭരിക്കുന്നതിനും അവ സംഭരിച്ച് വിതരണം ചെയ്യുന്നതിനും തിരുവനന്തപുരം, എറണാകുളം, കോട്ടയം ജില്ലകളിൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നു. മത്സ്യ മാർക്കറ്റുകളിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി പ്രാഥമിക സഹകരണ സംഘങ്ങളെ കൂടുതൽ സഹകരിപ്പിച്ച് മാർക്കറ്റുകളിൽ മത്സ്യം ലഭ്യമാക്കുന്നതിനുവേണ്ടി ഏകോപിതമായ ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റാൻ മത്സ്യവിപണന മേഖലയിൽ ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | ബി) & സി) | ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിനും മത്സ്യവിപണന മേഖലയെ ശാക്തീകരിക്കുന്നതിനും തൊഴിലാളികൾക്ക് അർഹമായ ന്യായവില ഉറപ്പാക്കുന്നതിനുമായി നിയമ നിർമ്മാണം സർക്കാർ പരിഗണനയിലാണ്. |
| സി) | ഇക്കാര്യത്തിൽ സത്വര നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | | |
| ഡി) | പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും മറ്റ് പ്രവർത്തകരുടെയും അഭിപ്രായം ഇക്കാര്യത്തിൽ തേടിയിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | ഉണ്ട്,<br>പ്രസ്തുത നിയമനിർമ്മാണം തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ മേഖലാതല ശില്പശാല സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**